**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 155** **12-02-2024 - ൽ മറുപടിയ്ക്ക്**

**അർഹരായവർക്ക് മുൻഗണനാ കാർഡ് വിതരണം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അർഹരായവർക്കെല്ലാം മുൻഗണനാ കാർഡ് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി 1,54,80,040 അംഗങ്ങൾ എന്ന് കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. 2011 ലെ സെൻസസിനെ അടിസ്ഥാനമാക്കി കേന്ദ്രം നിശ്ചയിച്ചിട്ടുള്ള മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അർഹരായ മുഴുവൻ കുടുംബങ്ങളേയും ടി വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അർഹരെ ഉൾപ്പെടുത്താനാകൂ എന്നത് പരിഗണിച്ച് അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന നടപടികൾ കാര്യക്ഷമമായി പുരോഗമിച്ചു വരുന്നു. ഇപ്രകാരം അനർഹരെ ഒഴിവാക്കുന്നതിലൂടെ കണ്ടെത്തുന്ന ഒഴിവുകളിൽ അർഹരെ ഉൾപ്പെടുത്തിവരുന്നു. |
| (ബി) | സ്വമേധയാ സറണ്ടർ പദ്ധതിയിലൂടെ മുൻഗണനാ കാർഡുകൾ സർക്കാരിലേക്ക് വന്നു ചേർന്നിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ 31/12/2023 വരെ അനർഹമായ 20639 എ.എ.വൈ കാർഡുകളും 1,19,856 പി.എച്ച്.എച്ച്. കാർഡുകളും സ്വമേധയാ സറണ്ടർ ചെയ്തിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ സ്വമേധയാ സറണ്ടർ പദ്ധതിയിലൂടെയും പരിശോധനയിലൂടെയും സർക്കാരിലേക്ക് വന്നുചേർന്നതും സർക്കാരിന്റെ കൈവശമുണ്ടായിരുന്നതുമായ മുൻഗണനാ കാർഡുകൾ അർഹരായവർക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. ലഭ്യമാകുന്ന ഒഴിവുകളിൽ യോഗ്യരായവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് മുൻഗണനാ കാർഡ് നൽകി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 4,70,651 പി.എച്ച്.എച്ച് കാർഡുകളും 41,146 എ.എ.വൈ കാർഡുകളും നൽകിയിട്ടുണ്ട്. |
| (ഡി) | ഓപ്പറേഷൻ യെല്ലോ പദ്ധതിയിലൂടെ പിടിച്ചെടുത്ത മുൻഗണനാ കാർഡുകളുടെ ഉടമകളിൽ നിന്നും ഈടാക്കിയ പിഴ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (ഡി) | ഓപ്പറേഷൻ യെല്ലോ പദ്ധതി പ്രകാരം അനർഹരിൽ നിന്നും പിടിച്ചെടുത്ത കാർഡുകൾക്ക് പിഴത്തുകയായി ആകെ 4,19,19,486/- രൂപ ഈടാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഓപ്പറേഷൻ യെല്ലോ പദ്ധതി തുടർന്നും നടപ്പിലാക്കുമോ; | | നിലവിൽ സമാന രീതിയിലുള്ള പരിശോധനകൾ നടന്നു വരുന്നുണ്ട്. |
| (ഇ) | ഈ സർക്കാരിന്റെ കാലത്ത് ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെ താമസിക്കുന്ന വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകൾക്കായി റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | വെൽഫെയർ സ്ഥാപനങ്ങൾക്ക് റേഷൻ പെർമിറ്റാണ് നൽകുന്നത്. വെൽഫെയർ സ്കീമുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് സ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്ര പ്രകാരം ആധാർ അധിഷ്ഠിതമായി റേഷൻ കാർഡുകൾ (NPI കാർഡ്) നൽകിവരുന്നുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 7,559 NPI കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ